Draft #3 of File ACAIV/2/LLB-BCI/ONLINE CLASS-REG/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 11-Oct-2021 05:23 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ത്രിവത്സര- പഞ്ചവത്സര എൽ എൽ ബി കോഴ്സുകൾ- യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ നിർദ്ദേശാനുസരണം ഓൺലൈൻ പരീക്ഷകൾ നടത്തുന്നതുമായി ബന്ധപ്പെട്ട ബാർ കൗൺസിൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ -നടപ്പിലാക്കുന്നത് സംബന്ധിച്ച - ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ ( യു ജി ) - ശുപാർശയിന്മേലുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 5404/AC A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.10.2021

---

*പരാമർശം:*-1 . സെക്രട്ടറി , BCI യുടെ 27.05.2020 ലെ BCI :D:1401/2020 നമ്പർ കത്ത്.

2 . 23 .07 .2020 ലെ BOS (UG ) യോഗ മിനിട്സ്.

3 . 02.09.2021 ലെ സിൻഡിക്കേറ്റ് യോഗ മിനിട്സ് ഇനം നം ഒ . എ .8 /20.5 /LLB/ Online Exam/2020.

**ഉത്തരവ്**

കോവിഡ് -19 പാൻഡെമിക്കുമായി ബന്ധപ്പെട്ട രാജ്യവ്യാപക ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരുന്നതിനാൽ 2020 ലെ പരീക്ഷകൾ യഥാസമയം ക്രമീകരിക്കുന്നതിന് സർവകലാശാലക്ക് സാധിച്ചില്ല. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട 27 .04 .2020 ൽ യു ജി സി പൊതുവായി പുറപ്പെടുവിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ , എൽ എൽ ബി കോഴ്സുകളുടെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട ബാർ കൗൺസിൽ ഓഫ് ഇന്ത്യ യുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1 ) പ്രകാരം സെക്രട്ടറി , ബി സി ഐ യുടെ കത്ത് ലഭിച്ചിരുന്നു . പ്രസ്തുത കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (2 ) പ്രകാരമുള്ള ശുപാർശകൾ, പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള സെക്ഷനുകളുടെ അഭിപ്രായങ്ങൾ എന്നിവ പരിശോധിച്ച ബഹു . വൈസ് ചാൻസലർ, എൽ എൽ ബി കോഴ്സുകളുടെ പരീക്ഷ നടത്തിപ്പ് വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്കു സമർപ്പിക്കുവാൻ 05 .10 .2020 ൽ ഉത്തരവായിരുന്നു .

ടി വിഷയം പരിശോധിച്ച സിൻഡിക്കേറ്റ് , നിലവിൽ സർവകലാശാലയിൽ , ബി സി ഐ നിർദ്ദേശങ്ങൾക്കനുസരിച്ച പരീക്ഷകൾ ഓൺലൈൻ സംവിധാനങ്ങളിലൂടെ നടത്തുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത മൂലം , അതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് ബി സി ഐ യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പി എസ് ടു വി സി /പി എസ് ടു പി വി സി
2.പി എ ടു രജിസ്ട്രാർ /പി എ ടു കൺട്രോളർ ഓഫ് എക്സാമിനേഷൻസ്
3. ബന്ധപ്പെട്ട എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്കും
4 . ലീഗൽ സെക്ഷൻ
5 . എ ആർ 12/ ഡി ആർ 2/ ജെ ആർ 3 ( പരീക്ഷ )
6 . എ ആർ 2/ ഡി ആർ 2(അക്കാഡമിക് )/ ജെ ആർ 2 ( ഭരണവിഭാഗം)
7 . EI29/E I 31/ EI 33/EI 37/ EB 5/AcC1 സെക്ഷനുകൾ
8 . കണ്ടന്റ് മാനേജ്മന്റ് / റെക്കോർഡ്സ് സെക്ഷനുകൾ
9 . സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File ACAIV/2/LLB-BCI/ONLINE CLASS-REG/2020 Approved by ASSISTANT REGISTRAR II (ACADEMIC) on 11-Oct-2021 05:23 PM - Page 2